# US PROFILES



## ഡോ.ജേക്കബ് ഈപ്പൻ


emalayalee.com



# ക്ഷമയേക്കാൾ ആവശ്യം സഹാനുഭൂതി: ഡോ.ജേക്കബ് ഈപ്പൻ

**◉ മീട്ടു റഹ്മത്ത് കലാം**

പുതുതലമുറ ആരോഗ്യത്തോടെ വളർന്നുവരേണ്ടത് ഒരു രാജ്യത്തിന്റെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. കുട്ടികൾക്ക് മികച്ച ചികിത്സ ലഭ്യമാകുന്നതും രോഗങ്ങളെ പ്രതിരോധിക്കാനുള്ള ശേഷി വർദ്ധിപ്പിക്കുന്നതും വികസനത്തിന്റെയും സമ്പന്നതയുടെയും അളവുകോലായാണ് കണക്കാക്കപ്പെടുന്നത്. അതുകൊണ്ടുതന്നെ ലോക പ്രശസ്തനായ ശിശുരോഗവിദഗ്ധനും അമേരിക്കൻ



മലയാളിയുമായ ഡോ.ജേക്കബ് ഈപ്പന്റെ കർമ്മപഥം ഏറെ പ്രസക്തമാണ്. വൈദ്യശാസ്ത്രരംഗം കച്ചവടവൽക്കരിക്കപ്പെട്ടതോടെ, സേവനതല്പരതയെക്കാൾ സാമ്പത്തിക നേട്ടങ്ങൾക്ക് ഊന്നൽകൊടുക്കുന്ന ഡോക്ടർമാരിൽ നിന്ന് വ്യത്യസ്തനാണ് ഡോ.ഈപ്പൻ. പൊതു ആരോഗ്യ സംവിധാനങ്ങളിൽ പ്രവർത്തിക്കാൻ അദ്ദേഹം തീരുമാനം എടുത്തതും ഇക്കാരണം കൊണ്ടാകാം.

emalayalee.com

29 വർഷം അലമേഡ കൗണ്ടിയിലെ ഹെൽത്ത് സിസ്റ്റത്തിൽ പീഡിയാട്രീഷ്യനായും പത്തുവർഷം മെഡിക്കൽ ഡയറക്ടറായും പ്രവർത്തിച്ച ഡോക്ടർ, കൗണ്ടിയിലെ പൊതു ആരോഗ്യ രംഗത്തെ പോളിസികൾ അടക്കം പല ഉത്തരവാദിത്തങ്ങളും സ്തുത്യർഹമായി നിറവേറ്റി.ലോകത്തിലെ മികച്ച നൂറ് ആശുപത്രികളുടെ പട്ടികയിലുള്ള ഫ്രീമോണ്ടിലെ വാഷിംഗ്ടൺ ഹോസ്പിറ്റലിൽ 2004 മുതൽ ബോർഡ് ഓഫ് ഡയറക്ടറാണ്.

നോർത്തേൺ കാലിഫോർണിയയിൽ ഒരു പൊതു തിരഞ്ഞെടുപ്പിൽ വിജയിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് അദ്ദേഹം.

യുണൈറ്റഡ് നേഷൻസ് ഹൈ കമ്മീഷണർ ഓഫ് റെഫ്യൂജീസിന്റെ (യുഎൻഎച്ച്സിആർ)പബ്ലിക് ഹെൽത്ത് അഡ്വൈസറായ ആദ്യ ഏഷ്യൻ വംശജനായ ഡോക്ടർ എന്ന ഖ്യാതി വേറെ.

കഴിഞ്ഞ ആറ് തവണ നടന്ന തിരഞ്ഞെടുപ്പുകളിലും വിജയം ആവർത്തിച്ചു എന്ന അപൂർവതയും ഡോക്ടറുടെ ക്രെഡിറ്റിലുണ്ട്.

6 അമേരിക്കൻ പ്രസിഡന്റുമാർക്ക് ലഭിച്ചിട്ടുള്ള ‘എലിസ് ഐലൻഡ് മെഡൽ ഓഫ് ഓണർ’ അടക്കം നിരവധി പുരസ്കാരങ്ങൾ നൽകി യു.എസ് സർക്കാർ ആദരിച്ചിട്ടുള്ള ഡോ.ജേക്കബ് ഈപ്പന്റെ സംഭാവനകൾ, ജന്മനാട് വേണ്ട വിധം തിരിച്ചറിഞ്ഞിട്ടുണ്ടോ? കേരളത്തിൽ വോളണ്ടറി മെഡിക്കൽ അഡ്വൈസറായി പ്രവർത്തിക്കാൻ തയ്യാറായിട്ടും ‘ഇന്നർ പൊളിറ്റിക്സ്’ അതിന് വിലങ്ങുതടിയാകുന്നതടക്കമുള്ള കാര്യങ്ങൾ ഇ-മലയാളി വായനക്കാരോട് ഡോ.ജേക്കബ് ഈപ്പൻ തുറന്നുപറയുന്നു...

**ആദ്യകാലജീവിതം?**

പിതാവ് കെ.സി.ഈപ്പൻ പിഡബ്ല്യുഡി യിൽ എഞ്ചിനിയറായിരുന്നു. അദ്ദേഹത്തിന് സ്ഥലംമാറ്റം ലഭിക്കുന്നതനുസരിച്ച് തിരുവനന്തപുരം,കൊല്ലം, കൊട്ടാരക്കര എന്നിങ്ങനെ പലയിടങ്ങളിലായാണ് പഠനം മുന്നോട്ടുപോയത്.

സൈനിക സ്കൂൾ ആരംഭിക്കുന്നതായി 1961 ൽ പത്രത്തിൽ വന്ന പരസ്യം കണ്ട് പ്രവേശനപരീക്ഷ എഴുതി, അവിടെ അഡ്മിഷൻ നേടി. മാർ ഇവാനിയോസ് കോളജിൽ പ്രീഡിഗ്രി ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്ന് എംബിബിഎസ് പൂർത്തിയാക്കി.

വെല്ലൂരിൽ റേഡിയോതെറാപ്പിക്ക് ചേർന്നെങ്കിലും ആ പഠനം പാതിയാക്കി, ലുധിയാനയിൽ നിന്ന് പീഡിയാട്രിക്സിൽ സ്പെഷ്യലൈസ് ചെയ്തു.



**പീഡിയാട്രിക്സ് തിരഞ്ഞെടുക്കാൻ എന്തെങ്കിലും പ്രത്യേക കാരണം?**

സർജറി താല്പര്യമില്ലായിരുന്നു. അന്നും ഇന്നും ഏറ്റവും വാണ്ടഡ് ആയ വിഭാഗമാണ് പീഡിയാട്രിക്സ് എന്നാണ് എനിക്ക് തോന്നിയിട്ടുള്ളത്.

**എന്തുകൊണ്ട് ഇന്ത്യയിൽ തുടർന്നില്ല?**

അവസരങ്ങൾ കുറവായിരുന്നതാണ് പ്രധാന കാരണം. 79 ൽ ഇംഗ്ലണ്ടിൽ ഉപരിപഠനത്തിന് പോയെങ്കിലും പീഡിയാട്രിക്സിൽ പ്രവേശനം ലഭിക്കാൻ പ്രയാസമായിരുന്നു. അവിടം എന്നെ ഭ്രമിപ്പിച്ചതുമില്ല.അങ്ങനെയിരിക്കെ ലണ്ടനിൽ ഒരു ഇന്റർവ്യൂവിലൂടെ ടാൻസാനിയയിലെ ദാർ ഇ -സലാമിലെ അഗാ ഖാൻ ഫൗണ്ടേഷൻ ഹോസ്പിറ്റലിൽ കൺസൾട്ടന്റ് പീഡിയാട്രീഷ്യനായി. അന്ന് വെറും 27 വയസ്സേ ഉള്ളൂ. അമേരിക്കൻ അംബാസഡർ മുതൽ എല്ലാ ഡിപ്ലോമാറ്റുകളുടെയും കുട്ടികൾ ആ ആശുപത്രിയിൽ എന്റെയടുത്ത് ചികിത്സ തേടിയിരുന്നു. രണ്ടുവർഷം അവിടെ തുടർന്നു.



നൈജീരിയൻ അംബാസഡറാണ് അവരുടെ രാജ്യത്ത് പോയാൽ കൂടുതൽ ശമ്പളവും മെച്ചപ്പെട്ട അവസരവും ലഭിക്കുമെന്ന് നിർദ്ദേശിച്ചത്. നൈജീരിയയിൽ മൂന്ന് വർഷം ജോലി ചെയ്തു. പബ്ലിക് ഹെൽത്തിൽ മാസ്റ്റേഴ്സ് ചെയ്യാൻ വേണ്ടിയാണ് 84 ൽ അമേരിക്കയിലേക്ക് ചേക്കേറിയത്. പൊതു ആരോഗ്യ മേഖലയിലും രോഗപ്രതിരോധ രംഗത്തും പ്രവർത്തിക്കാൻ താല്പര്യം തോന്നിയത് ആഫ്രിക്കയിൽ സേവനമനുഷ്ഠിച്ചതിനെത്തുടർന്നാണ്. കാലിഫോർണിയയിലെ ബെർക്ലിയിലാണ് മാസ്റ്റേഴ്സ് ചെയ്തത്.

**യുണൈറ്റഡ് നേഷൻസിൽ ഹെൽത്ത് അഡ്വൈസർ ആയിരുന്നല്ലോ?**

യുണൈറ്റഡ് നേഷൻസ് ഹൈ കമ്മീഷണർ ഓഫ് റെഫ്യൂജീസിന്റെ (യുഎൻഎച്ച്സിആർ)പബ്ലിക് ഹെൽത്ത് അഡ്വൈസറായി പ്രവർത്തിച്ചത് വലിയൊരനുഭവമാണ്. ആ സ്ഥാനം ലഭിക്കുന്ന ഏഷ്യൻ വംശജനായ ആദ്യത്തെ ഡോക്ടറാണ് ഞാൻ. മലയാളികളായി ശശി തരൂരും ഞാനും മാത്രമേ അന്ന് യുഎൻഎച്ച്സിആറിൽ ഉണ്ടായിരുന്നുള്ളു എന്നാണ് എന്റെ ഓർമ്മ. തരൂരിന് ജനീവയിലും, എനിക്ക് ഫിലിപ്പീൻസിലുമായിരുന്നു പോസ്റ്റിങ്ങ്.

റെഫ്യൂജി ക്യാമ്പുകളിൽ കഴിയുകയായിരുന്ന എഴുപതിനായിരത്തോളം അഭയാർത്ഥികളുടെ ഹെൽത്ത് സർവീസസ് വലിയൊരു സെക്ടറായിരുന്നു. ഒരു വർഷത്തേക്കുള്ള അസൈൻമെന്റ് ആയിരുന്നു അത്.

**പിന്നീട് അമേരിക്കയിലേക്ക്?**

റെസിഡൻസി ട്രെയിനിങ് സ്റ്റാൻഫഡ് യൂണിവേഴ്സിറ്റിയിൽ ചെയ്തു. പ്രൈവറ്റ് പ്രാക്റ്റീസ് ചെയ്യാൻ താല്പര്യമുണ്ടായിരുന്നില്ല.അങ്ങനെയാണ് അലമേഡ കൗണ്ടിയിലെ ഹെൽത്ത് സിസ്റ്റത്തിൽ പീഡിയാട്രീഷ്യനായി ചേർന്നു. 29 വർഷം അവിടെ പ്രവർത്തിച്ച ശേഷം, കഴിഞ്ഞ ഓഗസ്റ്റിലാണ് വിരമിച്ചത്.

കാലിഫോർണിയയിലെ ഏറ്റവും വലിയ പൊതു ആരോഗ്യ ശൃംഖലയാണ് അലമേഡയിലേത്. പത്തുവർഷം മെഡിക്കൽ ഡയറക്ടറായിരുന്നു. കൗണ്ടിയിലെ പൊതു ആരോഗ്യ രംഗത്തെ പോളിസികൾ അടക്കം പല ഉത്തരവാദിത്തങ്ങളും നിറവേറ്റി.ലോകത്തിലെ മികച്ച നൂറ് ആശുപത്രികളുടെ പട്ടികയിലുള്ള ഫ്രീമോണ്ടിലെ വാഷിംഗ്ടൺ ഹോസ്പിറ്റലിൽ 2004 മുതൽ ബോർഡ് ഓഫ് ഡയറക്ടറാണ്. നോർത്തേൺ കാലിഫോർണിയയിൽ ഒരു പൊതു തിരഞ്ഞെടുപ്പിൽ വിജയിക്കുന്ന ആദ്യ ഇന്ത്യക്കാരനാണ് ഞാൻ.30,000 വോട്ടുകൾക്കാണ് ആദ്യ ഇലക്ഷനിൽ വിജയിച്ചത്.കഴിഞ്ഞ ആറ് തവണയും തിരഞ്ഞെടുക്കപ്പെട്ടു. ഇത് പത്തൊൻപതാം വർഷമാണ്.




**കൂടുതൽ ക്ഷമ ആവശ്യമുള്ള മേഖലയാണോ പീഡിയാട്രിക്സ്?**

ക്ഷമയേക്കാൾ സഹാനുഭൂതിയാണ് വേണ്ടത്. കുട്ടികൾക്കൊപ്പം എത്തുന്ന അമ്മമാരെ രോഗത്തെക്കുറിച്ച് പറഞ്ഞുമനസ്സിലാക്കാനും സമാധാനിപ്പിക്കാനും കഴിയണം. ലക്ഷണങ്ങൾ വിവരിക്കാൻ പോലും അറിയാത്ത കുരുന്നുകളുടെ ഉള്ളറിയാൻ അകക്കണ്ണുവേണം. അത് പഠിക്കാനോ പഠിപ്പിക്കാനോ കഴിയില്ല, ആർജ്ജിച്ചെടുക്കണം. ആഫ്രിക്ക പോലുള്ള സ്ഥലങ്ങളിൽ ജോലി ചെയ്തപ്പോൾ ഭാഷ വെല്ലുവിളിയായിരുന്നു. ട്രാൻസ്‌ലേറ്ററെ വയ്ക്കുമ്പോൾ, പത്തു കുട്ടികളെ നോക്കേണ്ട സമയം രണ്ടുപേരെ നോക്കാൻ വേണ്ടിവരും.അതുകൊണ്ട്, ഞാൻ അവിടത്തെ ഭാഷ പഠിച്ചെടുത്തു. അതാത് സ്ഥലങ്ങളിലെ ഭാഷ ഒരു ഡോക്ടർ പഠിക്കണമെന്ന് നിർബന്ധമില്ല. എന്നാൽ, അറിഞ്ഞിരുന്നാൽ കാര്യങ്ങൾ കൂടുതൽ എളുപ്പമാകും. തൊഴിലിനോടുള്ള നമ്മുടെ സമർപ്പണം അത്തരത്തിൽ പല കാര്യങ്ങൾ നമ്മെക്കൊണ്ട് ചെയ്യിക്കും. ഒറ്റദിവസംകൊണ്ട് നേടിയെടുത്തതല്ല ഒന്നും. ആളുകളുടെ വിഷമങ്ങൾ അടുത്തുനിന്ന് കാണുമ്പോൾ അതിനുള്ള പോംവഴി കണ്ടെത്താൻ മനഃപൂർവ്വമായൊരു ശ്രമം വേണം. അതിനുവേണ്ടി എന്ത് ത്യാഗവും ചെയ്യാൻ ഒരു ഡോക്ടർ തയ്യാറാകണം.അനുഭവപരിജ്ഞാനം കൊണ്ടാണ് രോഗനിർണ്ണയം എളുപ്പമാകുന്നത്.

**കരിയർ ഗ്രാഫ് നോക്കുമ്പോൾ സംതൃപ്തനാണോ?**

നമ്മുടെ താല്പര്യങ്ങൾക്കൊത്ത് ജീവിതം മുന്നോട്ടുപോകുമ്പോഴാണ് സംതൃപ്തി അനുഭവപ്പെടുന്നത്. പൊതു ആരോഗ്യരംഗത്ത് പ്രവർത്തിക്കുക എന്നുള്ളത് എന്റെ സ്വന്തം തീരുമാനമാണ്. അത് പൂർണ്ണമനസ്സോടെയാണ് ചെയ്യുന്നത്. അതിസമ്പന്നർ ജീവിക്കുന്ന സംസ്ഥാനമാണ് കാലിഫോർണിയ. എന്നാൽ, കഴിഞ്ഞ 29 വർഷങ്ങളായി എനിക്ക് അധികവും ഇടപഴകേണ്ടി വരുന്നത് പുല്ലുവെട്ടുന്നവരുടെയും ദിവസക്കൂലിക്ക് പണിയെടുക്കുന്നവരുടെയും കുട്ടികളുമായാണ്. വലിയ ഹോസ്പിറ്റലുകളിൽ പണക്കാരുടെ മക്കളെയും ചികിത്സിക്കാറുണ്ട്. പോഷ് ആശുപത്രികളിൽ ചികിത്സ തേടാൻ സാധിക്കാത്ത കുഞ്ഞുങ്ങളെയും കൊണ്ട് നമ്മുടെ അരികിൽ വരുമ്പോൾ, യാതൊരു വേർവ്യത്യാസവും കാണിച്ചിട്ടില്ല. കാശുള്ളവന്റെ മക്കൾക്ക് കിട്ടുന്നത്ര തന്നെ മികച്ച ചികിത്സ പാവങ്ങൾക്കും ലഭ്യമാകണമെന്നാണ് അന്നുമിന്നും എന്റെ തത്വം. അതിൽ നൂറു ശതമാനം നീതിപുലർത്താൻ സാധിച്ചു എന്നുള്ളതാണ് കരിയറിലെ സന്തോഷവും സംതൃപ്തിയും. വേദനകൊണ്ട് കരഞ്ഞ കുഞ്ഞുങ്ങൾ നമ്മുടെ തലോടലും പരിചരണവും കൊണ്ട് പുഞ്ചിരി തൂകുന്നത് വല്ലാത്തൊ





രു അനുഭൂതിയാണ്. എത്ര സ്ട്രെസ് ഉണ്ടെങ്കിലും വൈകിട്ട് വീട്ടിലെത്തിക്കഴിഞ്ഞാൽ, അതിനെക്കുറിച്ച് ആലോചിക്കുമ്പോൾ മനസ്സിൽ സമാധാനം നിറയും.

**അംഗീകാരങ്ങൾ?**

1999 ൽ സ്റ്റാൻഫഡ് യൂണിവേഴ്സിറ്റി അതിന്റെ അറുപതാം വാർഷികത്തോടനുബന്ധിച്ച് ഔട്ട്സ്റ്റാൻഡിങ് അലുംനീസിനെ അംഗീകരിക്കാൻ തീരുമാനിച്ചു. 1939 മുതൽ അവിടെ പഠിച്ചവരിൽ നിന്ന് ഏറ്റവും മികച്ച പൂർവ്വവിദ്യാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്ന് അണ്ടർഗ്രാജുവേഷൻ ചെയ്ത ഞാൻ അതിൽ ഉൾപ്പെടുമെന്ന് സ്വപ്നത്തിൽപ്പോലും വിചാരിച്ചതല്ല.

ക്രീം ഓഫ് ദി ക്രീം ആയവർക്ക് മാത്രം പ്രവേശനം ലഭിക്കുന്ന യൂണിവേഴ്സിറ്റിയിൽ നിന്നുള്ള 35000 ത്തില്പരം വിദ്യാർത്ഥികളിൽ നിന്ന് ഔട്ട്സ്റ്റാൻഡിങ് ലിസ്റ്റിൽ ഉൾപ്പെട്ടത് മനസ്സിൽ തങ്ങി നിൽക്കുന്ന അനുഭവമാണ്. തിരഞ്ഞെടുക്കപ്പെട്ട 40 പേരിൽ മറ്റു 39 പേരും അമേരിക്കയിൽ വളർന്ന് സ്റ്റാൻഡ്ഫഡിൽ തന്നെ എം.ഡി ചെയ്തവരാണ്.

പ്രശസ്തമായ എലിസ് ഐലൻഡ് മെഡൽ ഓഫ് ഓണർ ലഭിച്ചതാണ് മറ്റൊരു നേട്ടം. 6 അമേരിക്കൻ പ്രസിഡന്റുമാർക്ക് ഇതേ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

രാജ്യത്തെ ഏറ്റവും വലിയ മെഡിക്കൽ ബോർഡായ കാലിഫോർണിയ മെഡിക്കൽ ബോർഡിന്റെ ഫിസിഷ്യൻ റെക്കഗ്നിഷൻ അവാർഡും ലഭിച്ചിട്ടുണ്ട്.ബെർക്ക്‌ലിയിലെ കാലിഫോർണിയ സർവകലാശാലയിലെ സ്കൂൾ ഓഫ് പബ്ലിക് ഹെൽത്തിന്റെ ഉപദേശക സമിതിയിൽ സേവനമനുഷ്ഠിക്കാൻ സാധിച്ചതും നേട്ടമായി കാണുന്നു.

ഫ്രണ്ട്സ് ഓഫ് സൗത്ത് ഏഷ്യൻ അമേരിക്കൻ കമ്മ്യൂണിറ്റീസ് (FOSAAC) നൽകുന്ന 'മദർ തെരേസ അവാർഡ്' നേടി.

ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻ ഓഫ് അമേരിക്കയുടെ (ഫോമ) അവാർഡും ലഭിച്ചു.

തിരുവനന്തപുരം മെഡിക്കൽ കോളജിൽ നിന്നുള്ള വിശിഷ്ട പൂർവവിദ്യാർഥി പുരസ്കാരത്തിന് അർഹനായതും കഴക്കൂട്ടം സൈനിക സ്കൂളിൽ നിന്ന് ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് നേടിയതും

മനസ്സിൽ സൂക്ഷിക്കുന്ന അംഗീകാരങ്ങളാണ്.ആരോഗ്യരംഗത്തെ സമഗ്രസംഭാവനയ്ക്കുള്ള ഏഷ്യനെറ്റിന്റെ അവാർഡും ഈ അടുത്ത് ലഭിച്ചു.

**ജനിച്ച നാടിനോടുള്ള പ്രതിബദ്ധത എങ്ങനെയാണ് നിറവേറ്റുന്നത്?**

എന്റെ ഏത് നേട്ടവും ഒരു ഇന്ത്യക്കാരന്റെ അല്ലെങ്കിൽ മലയാളിയുടെ നേട്ടമായാണ് കണക്കാ



ക്കപ്പെടുന്നത്. പ്രസംഗിക്കാൻ കിട്ടുന്ന വേദികളി ലെല്ലാം കേരളത്തിലെ ആരോഗ്യരംഗത്തെക്കുറിച്ച് സംസാരിക്കാറുണ്ട്. കേരളം എന്ന് കേട്ടിട്ടില്ലാത്ത വരിലേക്ക് അഭിമാനത്തോടെയാണ് നാടിന്റെ പേര് എത്തിക്കുന്നത്. ജന്മനാടിന് എന്നെ ആവശ്യമുള്ള പ്പോഴൊക്കെ ഓടിയെത്തിയിട്ടുണ്ട്. ഇനിയും അത് തുടരും. നിരവധി മെഡിക്കൽ ക്യാമ്പുകൾ നടത്തി യിട്ടുണ്ട്. അമേരിക്കയിൽ ഇരുന്നുകൊണ്ടുതന്നെ കേരളത്തിലെ ഹെൽത്ത് സെക്ടറിൽ ഉപദേശങ്ങൾ നൽകാൻ സാധിക്കും. വോളണ്ടറി അഡ്വൈസർ ആകാൻ ഞാൻ തയ്യാറുമാണ്. പക്ഷേ, അവിടത്തെ പൊളിറ്റിക്സ് കാരണം പല പദ്ധതികളും വിചാ രിക്കുന്നതുപോലെ നടപ്പാക്കാൻ കഴിയാതെ വരും. അച്ഛനും അമ്മയും ജീവിച്ചിരുന്നപ്പോൾ, വർഷ ത്തിൽ മൂന്നും നാലും തവണ നാട്ടിൽ പോകുമായിരുന്നു. പിതാവ് മരിച്ചിട്ടിപ്പോൾ 7 വർ ഷമായി. അമ്മ അന്നമ്മ ഈപ്പൻ വിട്ടുപിരിഞ്ഞ ത് ഇക്കഴിഞ്ഞ ജൂൺ 22 നാണ്. എനിക്ക് രണ്ടു സഹോദരിമാരാണ് -അച്ചാമ്മയും മേരിയും. മേരി യായിരുന്നു ഏറ്റവും ഇളയത്. കാലിഫോർണിയ യിലായിരുന്നു താമസം. ക്യാൻസർ ബാധിച്ച് 2016 ൽ അവൾ ഞങ്ങളെ വിട്ടുപിരിഞ്ഞു. എന്റെയും ചേച്ചിയുടെയും ജീവിതത്തിലെ ഏറ്റവും വലിയ ദുഃഖമാണ് ആ വേർപാട്.

**കോവിഡ് കുട്ടികളെ എങ്ങനെയാണ് ബാധിച്ചിട്ടു ള്ളത്?**

മുതിർന്നവരെ അപേക്ഷിച്ച് രോഗപ്രതിരോധ ശേഷി കൂടുതലായതുകൊണ്ടുതന്നെ കുട്ടികളിൽ കോവിഡ് പറയത്തക്ക സങ്കീർണതകൾ സൃഷ്ടി ച്ചിട്ടില്ല. 14 –15 വയസ്സുള്ളവരെ ഓൺലൈൻ പ ഠനം മാനസികമായി തളർത്തിയിട്ടുണ്ട്. കൂട്ടുകാരെ കാണാൻ കഴിയാത്തതുകൊണ്ട് വിഷാദത്തിലായ മക്കളെയുംകൊണ്ട് ഒരുപാടുപേർ ചികിത്സതേടി വന്നിട്ടുണ്ട്.

**കുടുംബം?**

ഭാര്യ ഷേർളി. 79 ൽ ഞങ്ങളുടെ വിവാഹം കഴി ഞ്ഞതുമുതൽ എന്റെ ലോകസഞ്ചാരത്തിന് എപ്പോ ഴും കൂട്ടായുണ്ട്. ബയോടെക്നോളജി രംഗത്തായി രുന്നു പ്രവർത്തിച്ചിരുന്നത്, ഇപ്പോൾ വിരമിച്ചു.

മകൻ നവീൻ, എംഡി ക്ക് ശേഷം എംബിഎ ചെയ്തു. ഇപ്പോൾ,യൂണിവേഴ്സിറ്റി ഓഫ് കാലി ഫോർണിയ മെഡിക്കൽ സിസ്റ്റത്തിന്റെ സ്ട്രാറ്റജി ക് ആൻഡ് പ്ലാനിങ് ഡിവിഷനിൽ അഡ്മിനിസ്ട്രേ റ്ററാണ്.

മകൾ സന്ധ്യ റേഡിയോളജിസ്റ്റാണ്. സഹപാഠി യായിരുന്ന റയാൻ എന്ന കൊറിയൻ - അമേരിക്ക നെയാണ് വിവാഹം ചെയ്തിരിക്കുന്നത്. അവർ ക്ക് രണ്ടുമക്കൾ - ഐസക്ക്, ഈതൻ.

emalayalee.com